## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **07-10-2024 - ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി വർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി മെട്രോയുടെ ഒന്നാംഘട്ട, രണ്ടാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പ്രിപ്പറേറ്ററി വർക്കുകൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കൊച്ചി മെട്രോയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 326 കോടി രൂപയുടേയും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 352.68 കോടി രൂപയുടേയും പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. |
| (ബി) | പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള മെട്രോയുടെ രണ്ടാംഘട്ട പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള സമാന്തര റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട പ്രവൃത്തികളുടെ ഭാഗമായി നിലവിലെ 16 മീറ്റർ വീതിയുള്ള റോഡ് 22 മീറ്റർ വീതിയാക്കി വർദ്ധിപ്പിച്ച് ഇലക്ട്രിക് പോസ്റ്റ്, ജലസേചന പൈപ്പ് മുതലായവ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ (Utility Shifting) ഭാഗമായി മാറ്റി സ്ഥാപിച്ച് നിലവിലുണ്ടായിരുന്ന ഒരുവരി ഗതാഗതം നിലനിർത്തിക്കൊണ്ട് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു. വാഹന യാത്രക്കാരുടെ അറിവിലേക്കായി പദ്ധതിയോട് ചേർന്ന് കിടക്കുന്ന മറ്റു റോഡുകളിൽ 150-ഓളം ദിശാ സൂചികകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള റോഡ് 5 മീറ്റർ വീതിയ്ക്ക് ഗതാഗതത്തിനായി മാറ്റിയ ശേഷം ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിനായി പോലീസും മെട്രോ അധികൃതരും ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി പ്രദേശങ്ങളിൽ നേരിടുന്ന ഗതാഗതക്കുരുക്കുകൾ പരിഹരിക്കുന്നതിനായി ടി മേഖലയെ മൂന്ന് സെക്ടറുകളായി തിരിച്ച് സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചും, ബൈക്ക് പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയും കൊച്ചി മെട്രോ റെയിലിന്റെ സഹകരണത്തോടുകൂടി 38 ട്രാഫിക് വാർഡന്മാരെ നിയോഗിച്ചും ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മുന്നൊരുക്കപ്രവൃത്തികളുടെ ആവശ്യാനുസരണം നടത്തുന്ന വൈദ്യുതി ഷട്ട്ഡൗൺ 200മീറ്റർ ചുറ്റളവിൽ മാത്രം എന്നും ആഴ്ചയിൽ ഒരിക്കൽ മാത്രം എന്നും ക്രമീകരിച്ച് കൊണ്ടുമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രവൃത്തികൾ നടത്തി വരുന്നത്. കൂടാതെ, പദ്ധതിപ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ അറിവിലേക്കായി കെ.എസ്.ഇ.ബി. SMS വഴിയും, പത്ര മാധ്യമങ്ങളിലൂടെയും ആയതു സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ